Talented Bankers Literary Panel
പുസ്തകപരിചയം 265

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആശിഷ് ബെൻ അജയ്,
ബാങ്ക് ഓഫ് ഇന്ത്യ,
സോണൽ ഓഫീസ്,
കേരള സോൺ, എറണാകുളം.

ലില്ലി ബെർണാഡ്
Deric John Investigation 2nd Chapter
-ശ്രീ പാർവതി

പേര് സൂചിപ്പിക്കുന്ന പോലെ തന്നെ ഡെറിക് ജോണിനെ കേന്ദ്രകഥാപാത്രമാക്കിയുള്ള ഇൻവെസ്റ്റിഗേഷൻ ത്രില്ലറായ പോയട്രി കില്ലറിന്റെ രണ്ടാം ഭാഗമാണ് ലില്ലി ബെർണാഡ്. പോയട്രി കില്ലറിലെയും, ലില്ലി ബെർണാഡിലെയും കഥാപാത്രങ്ങളിൽ ചിലർ ഒന്നുതന്നെയാണ് എന്ന വസ്തുത മാറ്റിവെച്ചാൽ ഇതിലെ കഥകൾ തികച്ചും വെവ്വേറെ തന്നെയാണ് എന്ന് നിസംശയം പറയാം. ഒരേ സമയം സീക്വൽ ഗണത്തിലും standalone ഗണത്തിലും ഈ പുസ്തകത്തെ ഉൾപ്പെടുത്താം എന്ന് ചുരുക്കം. ഇനി കഥയിലേക്ക് വരാം.

പോയട്രി കില്ലറുടെ അന്വേഷണത്തിനുശേഷം ഡെറിക് ജോണിന്റെ മുന്നിൽ മറ്റൊരു കേസ്സയറി എത്തിപ്പെടുന്നു. പ്രശസ്ത സിനിമാ നടിയായ ലില്ലി ബെർണാഡ് തന്റെ ഫ്ളാറ്റിലെ കിടപ്പുമുറിയിൽ മരിച്ച നിലയിൽ കാണപ്പെടുന്നു. പ്രഥമ ദൃഷ്ടിയിൽ ഒരു ആത്മഹത്യയെന്നോണം തോന്നിപ്പിക്കുന്ന രീതിയിൽ തുടങ്ങുന്ന കേസന്വേഷണം പതിയെ ഒരു കാർഡിയാക് അറെസ്റ്റ് എന്ന നിലയിൽ എത്തിപ്പെടുന്നു. എങ്കിലും കേസന്വേഷണം ഏറ്റെടുക്കുന്ന ഡെറിക് ജോണിന്റെ മനസ്സിനെ ഈ കേസന്വേഷണം വല്ലാതെ കുഴപ്പിക്കുന്നു. ലില്ലിയുടെ മരണസമയത്ത്, അടുത്തുണ്ടായിരുന്ന ആളുകൾ നൽകുന്ന മൊഴിയിലുള്ള വൈരുദ്ധ്യം, അയാളെ ഇതൊരു കൊലപാതകം ആയിരിക്കാം എന്ന സംശയത്തിലേക്ക് നയിക്കുന്നു. പതിയെ തുടങ്ങുന്ന കേസന്വേഷണം ലിലിയുടെ അടുത്ത സുഹൃത്തുക്കളിലേക്കും ബന്ധുക്കളിലേക്കും നീളുന്നു.

കഥയുടെ തുടക്കം മുതൽ ഒടുക്കം വരെ കൊലയാളി ആര് എന്നുള്ള സസ്പെൻസ് നിലനിർത്തുവാൻ എഴുത്തുകാരിക്ക് കൃത്യമായി സാധിച്ചിട്ടുണ്ട്. പതിവ് ഇൻവെസ്റ്റിഗേഷൻ ത്രില്ലറുകൾക്ക് വ്യത്യസ്തമായി ഒരേ സമയത്തു തന്നെ 'who did it?' എന്ന് ഫാക്ടറിനും 'how he did it?' എന്ന ഫാക്ടറിനും പ്രാധാന്യം നൽകികൊണ്ടാണ് കഥ പുരോഗമിക്കുന്നത്. കഥ അവസാനഘട്ടത്തിലേക്ക് കടക്കുമ്പോഴും കൊലയാളി ആര് എന്നറിയാനുള്ള ആകാംക്ഷ കൊണ്ട് വായനക്കാരുടെ മനസ്സിനെ

അസ്വസ്ഥമാക്കുവാനും വീർപ്പുമുട്ടിക്കുവാനും എഴുത്തുകാരിക്ക് തന്റെ ഒഴുക്കുള്ള എഴുത്ത് ശൈലിയിലൂടെ അനായാസകരമായി സാധിച്ചിട്ടുണ്ട് എന്നതും വ്യക്തം. അതുകൊണ്ട് തന്നെ ഡെറിക് ജോണിനെ നായക കഥാപാത്രമായി അവതരിപ്പിച്ചിരിക്കുന്ന ആദ്യ പുസ്തകമായ പോയട്രി കില്ലറിനെക്കാൾ ഒരുപടി മുകളിലായാണ് രണ്ടാം ഭാഗമായ ലിലി ബെർണർഡ് എത്തിനിൽക്കുന്നത്.

ഡിസി ബുക്സ് പുറത്തിറക്കിയ 174 പേജുകലുള്ള ഈ പുസ്തകം ഒറ്റയിരുപ്പിന് തന്നെ വായിച്ചു തീർക്കുവാൻ സാധിക്കുന്ന ഒന്നാണ്. അതിമനോഹരമായ ഇതിന്റെ കവർചിത്രം ഡിസൈൻ ചെയ്തിരിക്കുന്നത് ഡിസി ഡിസൈൻ സ്റ്റുഡിയോയിലെ വിശാഖ് രാജ് ആണ്. ഡിസി ബുക്സിന്റെ പേപ്പർ ക്വാളിറ്റിയും കവർ ഡിസൈനും പ്രത്യേകം അഭിനന്ദനങ്ങൾ അർഹിക്കുന്നു. 2022 ഓഗസ്റ്റ് മാസം പുറത്തിറങ്ങിയ ഈ പുസ്തകം ഇതിനോടകം തന്നെ വായനക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റി ബെസ്റ്റ് സെല്ലർ പട്ടികയിൽ ഇടം നേടി കഴിഞ്ഞിരിക്കുന്നു.

പ്രസാധകർ: ഡിസി ബുക്സ്
വില: Rs.220/-